ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സൗജന്യ ഇൻഷ്വറൻസ് ഇല്ലാത്ത നിലയിൽ ഈ പദ്ധതി നടപ്പിലാക്കണമോ അഥവാ നാമമാത്രമായ ഗഡുക്കളും സർക്കാർ സഹായവും കൂടി ചേർത്ത് നടപ്പിലാക്കണമോ എന്ന കാര്യം പരിശോധിച്ചു വരുന്നു.

ബീഡി-സിഗാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

69 (233) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ .പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു സ്ഥലങ്ങളിൽ പുകവലി നിരോധനം ഏർപ്പെടുത്തിയതിനാൽ ബീഡി-സിഗാർ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ കണക്ക് വ്യക്തമാക്കാമോ ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ കണക്ക് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ബീഡി-സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ ബീഡി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയുവാൻ ഉള്ള സാദ്ധ്യതയുണ്ടെന്നും തൻമൂലം ഈ ബോർഡിന്റെ നിലനിൽപ്പ് അപകടത്തിലാവുമെന്നും അറിയിച്ചിട്ടുണ്ട്. അനന്തര നടപടികൾക്കായി ഇക്കാര്യം പരിശോധിച്ചു വരികയാണ്.

ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനം

70 (234) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനം വിശദീകരിക്കാമോ ;

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly